"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**ഉപ.സി.3/ 55 /2025/പി.&എ.ആർ.ഡി** **തിരുവനന്തപുരം, തീയതി: 14-06-2025**

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - നിലവിലുള്ള എൽ.ഡി.ക്ലാർക്ക് (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഒഴിവുകൾ കൃത്യമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന:- 1. 12-09-2023-ലെ ഉപ.സി.3/ 110 / 2023 /ഉഭപവ നമ്പർ സർക്കുലർ.

2. 09-12-2024 ലെ ഉപ.സി3/200/2024/പി.&എ.ആർ.ഡി നമ്പർ സർക്കുലർ.

പി.എസ്.സി റാങ്ക് പട്ടികകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിനായി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടതായ എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സൂചന ഒന്ന് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, ഓരോ കലണ്ടർ വർഷത്തെയും വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകിവരുന്നുണ്ട്. 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.

2. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നിലവിലുള്ള കാറ്റഗറി നം.207/2019 എൽ.ഡി.ക്ലാർക്ക് (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് വളരെ കുറവ് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളുവെന്നും അതിനാൽ, പ്രസ്തുത റാങ്ക് പട്ടികകളിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **31.07.2025 ന് കാലാവധി അവസാനിക്കുന്ന വിവിധ ജില്ലകളിലെ കാറ്റഗറി നം.207/2019 എൽ ഡി ക്ലാർക്ക് (വിവിധം) റാങ്ക് പട്ടികകളിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി വിരമിക്കൽ, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ, ദീർഘകാല അവധി തുടങ്ങിയ മൂലം പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധിയ്ക്കുള്ളിൽ ഉണ്ടാകുന്നതും, പി.എസ്.സി മുഖേന നികത്തേണ്ടതുമായ എല്ലാ ഒഴിവുകളും കൃത്യമായി മുൻകൂട്ടി കണക്കാക്കി, പി.എസ്.സി യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന കൃത്യമായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും, അപ്രകാരം റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിവരം 31-07-2025 നകം വകുപ്പ് മേധാവികൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിൽ**

**റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നും, ഒഴിവുകൾ ഒന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഇല്ലായെങ്കിൽ ടി വിവരവും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിൽ അറിയിക്കേണ്ടതാണ് എന്നും എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.**

4. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപായി എല്ലാ വകുപ്പമേധാവികളിൽ നിന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടുണ്ട് എന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

5. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ, അവരുടെ കീഴിൽ വരുന്ന വകുപ്പുകളിൽ നിന്ന് എൽ ഡി ക്ലാർക്ക് ഒഴിവുകൾ കൃത്യമായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നത് ഉറപ്പ് വരുത്തേണ്ടതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

**ഡോ എ ജയതിലക് ഐ എ എസ്**
**ചീഫ് സെക്രട്ടറി**

പകർപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും.
സെക്രട്ടറിയേറ്റിലെ നിയമം , ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന പി.എസ്.സി മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
www.pard.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 18-06-2025 12:01:02
സെക്ഷൻ ഓഫീസർ.